**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **05-02-2026 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ പ്രശ്നങ്ങളിൽ നോർക്ക നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നോർക്ക നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നിവേദനങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന്റെയും അതത് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു സർക്കാർ തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിനുള്ളിൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിവേദനങ്ങൾ, പോലീസ് മേധാവിയുടെ ഇടപെടൽ ആവശ്യമായ പരാതികൾ ഇവ എസ് പി, എൻ ആർ ഐ സെല്ലിലേക്ക് കൈമാറുന്നുണ്ട്. പ്രവാസികളുടെ വിവിധ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും പ്രവാസികളുടെ പ്രതിനിധികളുൾപ്പെടെയുള്ള ജില്ലാ പ്രവാസി പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നു. വിദേശ തൊഴിൽ തട്ടിപ്പുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് ഏജൻസിക്ക് എതിരെയുള്ള നിവേദനങ്ങൾ ഓപ്പറേഷൻ ശുഭയാത്ര പ്രകാരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിനും എസ്.പി. എൻ.ആർ.ഐ സെല്ലിനും അന്വേഷണത്തിന് നൽകി വരുന്നു. |
| (ബി) | കോവിഡ്, യുക്രൈൻ യുദ്ധം, സുഡാൻ, ഇസ്രായേൽ-ഹമാസ് സംഘർഷം, കുവൈറ്റ് തീപിടുത്തം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം കേരള പ്രവാസികളെ സുരക്ഷിതരാക്കുന്നതിൽ നോർക്ക നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് ,യുക്രൈൻ യുദ്ധം, സുഡാൻ, ഇസ്രായേൽ -ഹമാസ് സംഘർഷം, കുവൈറ്റ് തീപിടിത്തം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം കേരള പ്രവാസികളെ സുരക്ഷിതരാക്കുന്നതിൽ നോർക്ക അടിയന്തര ഇടപെടലുകൾ നടത്തിയിട്ടുണ്ട്.<br><br>**കോവിഡ് കാല പ്രവർത്തനങ്ങൾ**<br><br>പ്രവാസി സമൂഹത്തിന്റെ സാഹചര്യം മനസിലാക്കുന്നതിനും അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവരെ |

അറിയിക്കുന്നതിനും നോർക്കാ റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു.

വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് മലയാളി സംഘടനകളുടെയും ലോക കേരള സഭാംഗങ്ങളുടെയും സഹായത്തോടെ 14 രാജ്യങ്ങളിൽ അന്താരാഷ്ട്ര നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിന് അവർക്ക് ആവശ്യമായ അനുബന്ധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും നോർക്ക റജിസ്ട്രേഷൻ ആരംഭിച്ചിരുന്നു. പ്രവാസികൾക്ക് നാട്ടിലെ ഡോക്ടർമാരുടെ ഓൺലൈൻ സേവനം ,ടെലികൗൺസിലിംഗ് സേവനം എന്നിവ ഏർപ്പെടുത്തി.

ലോക്ക് ഡൗൺ കാലയളവിൽ വിദേശത്ത് മരുന്ന് എത്തിക്കുവാൻ നോർക്ക കൊറിയർ, കാർഗോ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഇതര സംസ്ഥാനത്ത് കുടുങ്ങിയ മലയാളികൾക്കായി നോർക്ക രജിസ്ട്രേഷൻ തുടങ്ങുകയും വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുവാൻ ട്രെയിൻ സർവീസുകൾ ഏർപ്പാടാക്കുകയും ചെയ്തു. ലോക്ക് ഡൗൺ കാരണം വിദേശ തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം അടിയന്തര ധനസഹായം അനുവദിച്ചിരുന്നു. കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10000/- രൂപ ധനസഹായവും അനുവദിച്ചിരുന്നു.

**യുക്രൈൻ രക്ഷാദൗത്യം**

യുക്രൈൻ - റഷ്യ യുദ്ധം ഉണ്ടായപ്പോൾ വിദ്യാർഥികളുടെ വിവരശേഖരണത്തിന് നോർക്ക റൂട്ട്സ് വെബ് സൈറ്റ് വഴി ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് ഏർപ്പെടുത്തി. ആകെ 3379 മലയാളികൾ യുക്രൈനിൽ നിന്നും ഇക്കാലയളവിൽ തിരിച്ചെത്തി. കേരളത്തിലെ നാലു വിമാനത്താവളങ്ങളിലും നോർക്കയുടെ വനിതകളടക്കമുള്ള ഉദ്യോഗസ്ഥ സംഘം വിദ്യാർഥികളെ സ്വീകരിക്കാൻ മുഴുവൻ സമയം പ്രവർത്തിച്ചു.

**സുഡാൻ**

2023 ഏപ്രിലിൽ സുഡാനിൽ ആഭ്യന്തര കലാപം ഉണ്ടായതിനെ തുടർന്ന് ഓപ്പറേഷൻ കാവേരിയുടെ ഭാഗമായി 183 മലയാളികളെ സുരക്ഷിതരായി

| | | | |
|---|---|---|---|
| | | | നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകി.<br><br>**<u>ഇസ്രായേൽ ഹമാസ് സംഘർഷം</u>**<br><br>ഇസ്രായേൽ ഹമാസ് സംഘർഷത്തെത്തുടർന്ന് നിരവധി കേരളീയരെ നാട്ടിലെത്തിക്കുന്നതിന് നോർക്ക റൂട്ട്സ് നടപടി സ്വീകരിച്ചു. ഇതിനായി കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്റെ ഓപ്പറേഷൻ അജയ്യുടെ ഭാഗമായി ഇന്ത്യയിലെ വിവിധ വിമാനത്താവളങ്ങളിലെത്തിയ കേരളീയരെ നാട്ടിലെത്തിച്ചു.<br><br>**<u>കുവൈറ്റ് തീപിടുത്തം</u>**<br><br>കുവൈറ്റിലെ മാംഗെഫിൽ ഫ്ലാറ്റ് സമുച്ചയത്തിലുണ്ടായ തീപിടുത്തത്തിൽ 24 കേരളീയ പ്രവാസികൾക്കാണ് ജീവൻ നഷ്ടമായത് . തീപിടുത്തമുണ്ടായ ഉടൻ തന്നെ കുവൈറ്റിൽ നോർക്ക ഹെല്പ് ഡെസ്ക് ആരംഭിക്കുകയും പരിക്കേറ്റവർക്ക് ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു .<br><br>മരണപ്പെട്ടവരുടെ ഭൗതിക ശരീരം നടപടികൾ പൂർത്തിയാക്കി എത്രയും വേഗം നാട്ടിലെത്തിക്കാനും നോർക്കയുടെ ഇടപെടൽ മൂലം കഴിഞ്ഞിട്ടുണ്ട് |
| (സി) | പ്രവാസി കേരളീയരുടെ ഭാവിയിലേയ്ക്കുള്ള ദിശാസൂചികയായി നോർക്ക വിഷൻ 2031 എന്ന പേരിൽ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (സി) | ഭാവി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ കേരളീയ പ്രവാസികാര്യ വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ നയരേഖ രൂപപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരളീയ പ്രവാസികാര്യ വകുപ്പ് വിഷൻ 2031 സെമിനാർ സംഘടിപ്പിച്ചത്<br><br>മലയാളിയുടെ മാറുന്ന പ്രവാസി ഭൂമിക ,നോർക്കയുടെ കഴിഞ്ഞ കാലങ്ങളിലെ ഇടപെടലുകൾ ,പുതിയ ആശയങ്ങൾ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായിട്ടാണ് നോർക്ക വകുപ്പിന്റെ വിഷൻ 2031 സമീപന രേഖ തയ്യാറാക്കിയത് .<br><br>നവകേരള നിർമ്മിതിയിൽ നിർണ്ണായക പങ്കു വഹിക്കാൻ പ്രവാസികൾക്ക് അവസരമൊരുക്കിക്കൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ പ്രവാസി കാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ദിശാസൂചികയായി വിഷൻ 2031 നയരേഖ പ്രവർത്തിക്കും. പ്രസ്തുത നയ രേഖയെ അടിസ്ഥാനപ്പെടുത്തിയാണ് അടുത്ത അഞ്ചു |

| | | | |
|---|---|---|---|
| | | | വർഷത്തേക്കുള്ള നോർക്ക പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.<br><br>കേരളത്തിന്റെ വികസന പരിപാടികളിൽ നിലവിൽ പ്രവാസത്തിലായിരിക്കുന്നവരെയും തിരികെയെത്തിയ പ്രവാസികളെയും പരമാവധി ഉൾക്കൊള്ളിക്കാൻ സാധിക്കും. കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ സാമ്പത്തിക പുനസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവാസി മിഷൻ രൂപീകരിച്ചു.<br><br>കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് നേരിടുന്ന സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ നീക്കി, സുരക്ഷിതവും സുതാര്യവുമായ ഒരു നിക്ഷേപ സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഷെർപ്പ പോർട്ടൽ രൂപീകരിച്ചു. |
| (ഡി) | നവകേരള നിർമ്മാണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് ഏറെ പങ്കുവഹിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ഭാവി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ കേരളീയ പ്രവാസികാര്യ വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ നയരേഖ രൂപപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരളീയ പ്രവാസി കാര്യ വകുപ്പ് വിഷൻ 2031 സെമിനാർ സംഘടിപ്പിച്ചത്<br><br>മലയാളിയുടെ മാറുന്ന പ്രവാസി ഭൂമിക ,നോർക്കയുടെ കഴിഞ്ഞ കാലങ്ങളിലെ ഇടപെടലുകൾ പുതിയ ആശയങ്ങൾ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായിട്ടാണ് നോർക്ക വകുപ്പിന്റെ വിഷൻ 2031 സമീപന രേഖ തയ്യാറാക്കിയത് .<br><br>നവകേരള നിർമ്മിതിയിൽ നിർണ്ണായക പങ്കു വഹിക്കാൻ പ്രവാസികൾക്ക് അവസരമൊരുക്കിക്കൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ പ്രവാസി കാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ദിശാസൂചികയായി വിഷൻ 2031 നയരേഖ പ്രവർത്തിക്കും. പ്രസ്തുത നയ രേഖയെ അടിസ്ഥാനപ്പെടുത്തിയാണ് അടുത്ത അഞ്ചു വർഷത്തേക്കുള്ള നോർക്ക പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ വികസന പരിപാടികളിൽ നിലവിൽ പ്രവാസത്തിലായിരിക്കുന്നവരെയും തിരികെയെത്തിയ പ്രവാസികളെയും പരമാവധി ഉൾക്കൊള്ളിക്കാൻ സാധിക്കും. കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ സാമ്പത്തിക പുനസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവാസി മിഷൻ രൂപീകരിച്ചു.<br><br>കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് നേരിടുന്ന സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ നീക്കി, സുരക്ഷിതവും സുതാര്യവുമായ ഒരു നിക്ഷേപ സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഷെർപ്പ പോർട്ടൽ രൂപീകരിച്ചു. |
| (ഇ) | പ്രവാസികളുടെ ക്ഷേമ-വികസനകാര്യത്തിൽ നോർക്ക വിഷൻ 2031 ന് എന്തെല്ലാം പങ്കുവഹിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | ഭാവി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ കേരളീയ പ്രവാസികാര്യ വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ നയരേഖ രൂപപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരളീയ പ്രവാസി കാര്യ വകുപ്പ് വിഷൻ 2031 സെമിനാർ സംഘടിപ്പിച്ചത്<br><br>മലയാളിയുടെ മാറുന്ന പ്രവാസി ഭൂമിക ,നോർക്കയുടെ കഴിഞ്ഞ കാലങ്ങളിലെ ഇടപെടലുകൾ പുതിയ ആശയങ്ങൾ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായിട്ടാണ് നോർക്ക വകുപ്പിന്റെ വിഷൻ 2031 സമീപന രേഖ തയ്യാറാക്കിയത് .<br><br>നവകേരള നിർമ്മിതിയിൽ നിർണ്ണായക പങ്കു വഹിക്കാൻ പ്രവാസികൾക്ക് അവസരമൊരുക്കിക്കൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ പ്രവാസി കാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ദിശാസൂചികയായി വിഷൻ 2031 നയരേഖ പ്രവർത്തിക്കും. പ്രസ്തുത നയ രേഖയെ അടിസ്ഥാനപ്പെടുത്തിയാണ് അടുത്ത അഞ്ചു വർഷത്തേക്കുള്ള നോർക്ക പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.<br><br>കേരളത്തിന്റെ വികസന പരിപാടികളിൽ നിലവിൽ പ്രവാസത്തിലായിരിക്കുന്നവരെയും തിരികെയെത്തിയ പ്രവാസികളെയും പരമാവധി ഉൾക്കൊള്ളിക്കാൻ സാധിക്കും. കേരളത്തിലേക്ക് തിരിച്ചെത്തുന്ന |

| | | | |
|---|---|---|---|
| | | | പ്രവാസികളുടെ സാമ്പത്തിക പുനസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവാസി മിഷൻ രൂപീകരിച്ചു.<br><br>കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് നേരിടുന്ന സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ നീക്കി, സുരക്ഷിതവും സുതാര്യവുമായ ഒരു നിക്ഷേപ സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഷെർപ്പ പോർട്ടൽ രൂപീകരിച്ചു. |

സെക്ഷൻ ഓഫീസർ